**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5599** **16-03-2023 - ൽ മറുപടിയ്ക്ക്**

**രണ്ടാം നൂറുദിന കർമ്മപരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രണ്ടാം നൂറുദിന കർമ്മപരിപാടിയിൽ സർക്കാർ ലക്ഷ്യം വച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ സുസ്ഥിര വികസനവും ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനും വേണ്ടിയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ആവിഷ്കരിച്ചതാണ് നൂറുദിന കർമ്മ പരിപാടി. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം രണ്ട് ഘട്ടങ്ങളിലായി 100 ദിന കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പരമാവധി പേർക്ക് തൊഴിൽ നൽകുന്നതിന് ഈ കർമ്മ പരിപാടിയിൽ പ്രത്യേക ഊന്നൽ നൽകി വരുന്നുണ്ട്.<br><br>2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള 100 ദിവസങ്ങൾകൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച രണ്ടാം നൂറു ദിന കർമ്മ പരിപാടിയിൽ 40 വകുപ്പുകളിലായി 1564 പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കാൻ തെരഞ്ഞെടുത്ത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഇനിയും നടപ്പിലാക്കാത്ത എത്ര പദ്ധതികൾ ഉണ്ടെന്ന് വിശദമാക്കാമോ; | (ബി) | രണ്ടാം നൂറു ദിന കർമ്മ പരിപാടിയിൽ തെരഞ്ഞെടുത്ത പദ്ധതികളിൽ 1421 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 143 പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി മുഖേന എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എത്രയെണ്ണം സൃഷ്ടിക്കാൻ സാധിച്ചു; വിശദമാക്കാമോ; | (സി) | പ്രസ്തുത കർമ്മ പരിപാടി മുഖേന 4,64,714 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 3,13,476 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിരുന്ന എ.ഐ. ക്യാമറകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | എ.ഐ. ക്യാമറകളുടെയും കൺട്രോൾ റൂമുകളുടെയും നിർമ്മാണവും സ്ഥാപനവും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | ലഭിക്കാത്ത സാഹചര്യത്തിലാണ് പ്രവർത്തനം ആരംഭിക്കാത്തത്. ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| രണ്ടാം നൂറുദിന കർമ്മപരിപാടിയിലെ പദ്ധതികളുടെ വിവരം | | |
|---|---|---|
| Sl No. | Department | Total no of projects |
| 1 | ആഭ്യന്തര വകുപ്പ് | 27 |
| 2 | ആയുഷ് വകുപ്പ് | 7 |
| 3 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | 254 |
| 4 | ആസൂത്രണവും സാമ്പത്തികകാര്യ വകുപ്പ് | 2 |
| 5 | ആസൂത്രണവും സാമ്പത്തികകാര്യ വകുപ്പ് (K-DISC) | 4 |
| 6 | ഇലക്ട്രോണിക്സ് ആൻഡ് വിവരസാങ്കേതികവിദ്യ വകുപ്പ് | 32 |
| 7 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 68 |
| 8 | എക്സൈസ് വകുപ്പ് | 13 |
| 9 | കയർ വകുപ്പ് | 5 |
| 10 | കായിക, യുവജനകാര്യ വകുപ്പ് | 38 |
| 11 | കാർഷികവികസന കർഷകക്ഷേമ വകുപ്പ് | 18 |
| 12 | ഗതാഗത വകുപ്പ് | 27 |
| 13 | ജലവിഭവ വകുപ്പ് | 66 |
| 14 | തദ്ദേശ സ്വയംഭരണ വകുപ്പ് | 83 |
| 15 | തുറമുഖ, പുരാവസ്തു, പുരാരേഖ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 22 |
| 16 | തൊഴിലും നൈപുണ്യവും വകുപ്പ് | 23 |
| 17 | ധനകാര്യവകുപ്പ് | 11 |
| 18 | നികുതി (ലോട്ടറീസ്) വകുപ്പ് | 1 |
| 19 | നോർക്ക വകുപ്പ് | 7 |
| 20 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് | 3 |
| 21 | പട്ടികജാതി വികസന വകുപ്പ് | 5 |
| 22 | പട്ടികവർഗ്ഗ വികസന വകുപ്പ് | 8 |
| 23 | പരിസ്ഥിതി വകുപ്പ് | 12 |
| 24 | പിന്നോക്ക സമുദായ വികസന വകുപ്പ് | 2 |
| 25 | പൊതു വിദ്യാഭ്യാസ വകുപ്പ് | 41 |
| 26 | പൊതുമരാമത്ത് വകുപ്പ് | 475 |
| 27 | ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് | 21 |
| 28 | മത്സ്യബന്ധന വകുപ്പ് | 16 |
| 29 | മൃഗസംരക്ഷണ വകുപ്പ് | 8 |
| 30 | രജിസ്ട്രേഷൻ വകുപ്പ് | 8 |
| 31 | റവന്യൂ വകുപ്പ് | 76 |
| 32 | ലീഗൽ മെട്രോളജി | 9 |
| 33 | വനം-വന്യജീവി വകുപ്പ് | 9 |
| 34 | വനിതാ ശിശുവികസന വകുപ്പ് | 4 |
| 35 | വിനോദ സഞ്ചാര വകുപ്പ് | 42 |
| 36 | വൈദ്യുതി വകുപ്പ് | 25 |
| 37 | വ്യവസായ വകുപ്പ് | 39 |
| 38 | സഹകരണ വകുപ്പ് | 17 |
| 39 | സാംസ്കാരികവകുപ്പ് | 16 |
| 40 | സാമൂഹ്യനീതി വകുപ്പ് | 20 |
| | **ആകെ** | **1564** |